**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3255** | **29.01.2014-ൽ മറുപടിയ്ക്ക്**

**ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II ന്റെ സീനിയോറിറ്റി ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | | **ശ്രീ.കെ.സി.ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)** | |
| (എ) | ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്ന, 2013 മാർച്ച് 31 വരെ നിയമനം നേടിയവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാരുടെ 31.03.2010 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയത് പരാതികൾ/ ആക്ഷേപങ്ങൾ എന്നിവ സ്വീകരിച്ച് അന്തിമമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമവികസന വകുപ്പിലെ ഡ്രൈവർമാർ, പാഡ്-കെ/ സെറിഫെഡ്/ ഡി.ആർ.ഡി.എ എന്നീ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്തപ്പോൾ ഗ്രാമവികസന വകുപ്പിലേക്ക് ലയിപ്പിച്ച ഡ്രൈവർമാർ എന്നിവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സീനിയോറിറ്റി തർക്കം ഉണ്ടാകുകയും ആയത് സ്പഷ്ടീകരണത്തിനായി ഗ്രാമവികസന കമ്മീഷണർ സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മറ്റു വകുപ്പുകളിൽ നിന്ന് ഗ്രാമവികസന വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പിൽ നിന്ന് എത്ര പേർ വീതമെന്ന് വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | ഇങ്ങനെ പുനർവിന്യസിക്കപ്പെട്ടവരുടെ സീനിയോറിറ്റി എന്നു മുതലാണ് കണക്കാക്കുന്നത്; അവർ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതിയോ ഗ്രാമവികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട തീയതിയോ എന്ന് വിശദമാക്കാമോ? | (ഡി) | പാഡ്-കെ/സെറിഫെഡ്/ഡി.ആർ.ഡി.എ എന്നീ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്തപ്പോൾ ഗ്രാമവികസന വകുപ്പിലേക്ക് ലയിപ്പിച്ച ഡ്രൈവർമാരെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ